
QURAN 24 :55
TAFSIR IBN KATHIR

വിശ്വാസികൾക്ക് പ്രാതിനിധ്യം നൽകുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം

[An-Nur 24:55]

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَيَسْتَخْلِفَنَّهُمْ فِى ٱلْأَرْضِ كَمَا ٱسْتَخْلَفَ
ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِى
لَا يُشْرِكُونَ بِى شَيْـًٔا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ.

തന്റെ സമുദായത്തിന് ഭൂമിയിൽ പ്രാതിനിധ്യം നൽകുമെന്ന് പ്രവാചകന് (SW) അല്ലാഹു നൽകിയ വാഗ്ദത്തമാണിത്. അതായത് അവർ മനുഷ്യരാശിയുടെ നേതാക്കളും ഭരണാധികാരികളുമാകും.
അതിലൂടെ അവർ ലോകത്തെ നവീകരിക്കുകയും ജനങ്ങൾ കീഴടങ്ങുകയും ചെയ്യും. അങ്ങനെ അവർക്ക് അവരുടെ ഭയപ്പാടിന് ശേഷം നിർഭയത്വം പ്രദാനം ചെയ്യപ്പെടുന്നു. നിശ്ചയമായും അല്ലാഹു തന്റെ വാഗ്ദത്തം പാലിച്ചു. അവൻ ഉന്നതനും മഹത്വമുള്ളവനുമാ കുന്നു. അറേബ്യൻ ഉപദ്വീപിലും, മെക്ക, ഖൈബർ, ബഹ്റൈൻ, യെമൻ എന്നിവിടങ്ങളിലുമെല്ലാം അതിജയിക്കുന്നത് വരെ അല്ലാഹു തന്റെ പ്രവാചകനെ മരിപ്പിച്ചില്ല. അദ്ദേഹത്തിന് ഹജറിലെ സൗരാഷ്ട്രിയക്കാരിൽ

നിന്നും സിറിയയിലെ അതിർത്തി പ്രദേശങ്ങളിൽ നിന്നും ജിസിയ (കപ്പം) നൽകപ്പെട്ടു.
ബൈസന്റയിൻ ഭരണാധികാരിയായ ഹെറാക്ലിയസ്, ഈജിപ്തിന്റെയും അലക്സാണ്ട്റിയയുടെയും ഭരണാധികാരിയായ മുഖൗഖിസ്, ഒമാനിലെ രാജാവ്, അശമാഹിനു ശേഷം ഭരണം ഏറ്റെടുത്ത അബ്സീനിയിലെ നജ്ജാശി രാജാവ്, എന്നിവർ എല്ലാം അദ്ദേഹത്തിനു സമ്മാനങ്ങൾ കൈമാറി.

പ്രവാചകന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായ (ഖലീഫ) അബൂബക്ർ സിദ്ദീഖ് (R) ഭരണാധികാരം ഏറ്റെടുക്കുകയും സമുദായത്തെ ശിഥിലീകരണത്തിൽ നിന്ന് ഏകീകരിക്കുകയും ചെയ്തു. അറേബ്യൻ ഉപദ്വീപിന്റെ മുഴുവൻ നിയന്ത്രണവും അദ്ദേഹം ഏറ്റെടുത്തു. ഇസ്ലാമിക സൈന്യത്തെ അദ്ദേഹം ഖാലിദ് ഇബ്ൻ വലീദിന്റെ(R) നേതൃത്വത്തിൽ പേർഷ്യയിലേക്ക് അയച്ചു.
ഖാലിദ്, പേർഷ്യയുടെ ഭാഗങ്ങൾ പിടിച്ചടക്കുകയും അതിൽ ചിലരെ വധിക്കുകയും ചെയ്തു. (അല്ലാഹു അദ്ദേഹത്തിൽ സംപ്രീതനാകട്ടെ).

അബൂഉബൈദ അൽ ജറാഹിന്റെ (R) യുടെ നേതൃത്വത്തിൽ സിറിയയിലേക്ക് അദ്ദേഹം മറ്റൊരു സൈന്യത്തെയും അയച്ചു. (അല്ലാഹു അദ്ദേഹത്തിലും അദ്ദേഹത്തിന് ശേഷം സിറിയയുടെ പ്രദേശങ്ങളിലേക്ക് വന്ന മറ്റു സൈന്യാധിപന്മാരിലും സംതൃപ്തനാകട്ടെ).

അംറ് ഇബ്നുൽ ആസ്വിന്റെ(R) കീഴിൽ അദ്ദേഹം ഈജിപ്തിലേക്ക് മൂന്നാം സൈന്യത്തെയും അയക്കുകയുണ്ടായി. (അല്ലാഹു അദ്ദേഹത്തിൽ സംപ്രീതനാകട്ടെ). സിറിയയിലേക്ക് അയച്ച സൈന്യത്തെ ബസ്രയും ഡമാസ്കസും ഹൌറാൻ പ്രദേശങ്ങൾ ഉൾകൊള്ളുന്ന അവയുടെ പ്രവിശ്യകളും അതിന്റെ ചുറ്റുപാടുകളും കീഴടക്കാൻ അല്ലാഹു പ്രാപ്തമാക്കി. അല്ലാഹു

അബൂബക്റിനെ തെരഞ്ഞെടുത്തു കൊണ്ട് അദ്ദേഹത്തെ ആദരിച്ചു. ശേഷം അദ്ദേഹം മരണപ്പെട്ടു.

ഒന്നാം ഖലീഫ അബൂബക്കർ(R) തന്റെ പിൻഗാമിയായി ഉമർ ഇബ്നുൽ ഖത്താബിനെ(R) നിയമിക്കുക വഴി ഇസ്‌ലാമിക ലോകം അനുഗ്രഹി ക്കപ്പെട്ടു.
അബൂബക്റിന്റെ മരണശേഷം ഭരണം ഏറ്റെടുത്ത അദ്ദേഹം തന്റെ ദൗത്യം പരിപൂർണമാക്കി. പ്രവാചകന്മാർക്കുശേഷം, ഭരണ നിർവഹ ണത്തിലും നീതി സ്ഥാപനത്തിലും ഉമറിനെപ്പോലൊരുവനെ ലോകം ദർശിച്ചിട്ടില്ല.

അദ്ദേഹത്തിന്റെ കാലത്ത് സിറിയയുടെ ഇതര ഭാഗങ്ങളും ഈജിപ്തും പേർഷ്യയുടെ ഭൂരിഭാഗവും കീഴടക്കി. കിസ്ര (ഖോസ്റോസ്) പരാജയപ്പെടുകയും തീർത്തും നിന്ദിതനാകുകയും ചെയ്തു. കിസ്ര തന്റെ രാജ്യത്തിന്റെ ഏറ്റവും അകലേക്ക് പിൻവാങ്ങി. റോമിന്റെ ശക്തനായ സീസർ നിന്ദിക്കപ്പെട്ടു. സിറിയയുടെ മേലുള്ള അദ്ദേഹത്തിന്റെ ഭരണം നഷ്ടപ്പെട്ടു. അങ്ങനെ അദ്ദേഹം തുർക്കിയിലെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് പിൻവാങ്ങി. പ്രവാചകൻ പ്രവചിച്ചതും വാഗ്ദാനം ചെയ്തതുമായ റോമൻ പേർഷ്യൻ സാമ്രാജ്യങ്ങളുടെ സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെട്ടു. (അല്ലാഹുവിന്റെ സമ്പൂർണ്ണ സമാധാനവും പരിപൂർണ്ണ അനുഗ്രഹവും അദ്ദേഹത്തിന് ഉണ്ടാകട്ടെ).

മൂന്നാം ഖലീഫ ഉസ്മാൻ ഇബ്ൻ അഫ്ഫാന്റെ (R) ഭരണകാലത്ത് ഇസ്ലാമിക ആധിപത്യം ഭൂമിയുടെ കിഴക്കും പടിഞ്ഞാറുമുള്ള വിദൂര പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രത്തോട് ചേർന്ന് കിടക്കുന്ന സൈപ്രസ്, അൻഡലൂസിയ, കൈറോവാൻ, സെബ്ത വരെയുള്ള പ്രദേശങ്ങൾ കീഴടക്കി. കിഴക്ക് ഭാഗത്തേക്കുള്ള വിജയങ്ങൾ ചൈന വരെ വ്യാപിച്ചു.

കിസ്ര കൊല്ലപ്പെട്ടു, അദ്ദേഹ ത്തിന്റെ രാജ്യം മൊത്തം പിടിച്ചെടുത്തു. ഇറാഖ്, ഖുറാസാൻ, അൽ-അഹ്വാസ് എന്നീ നഗരങ്ങൾ കീഴടങ്ങി. ധാരാളം തുർക്-കളെ മുസ്ലിം സൈന്യം വധിച്ചു. അല്ലാഹു അവരുടെ മഹാരാജാവായ ഖഅഖാനെ (Khaqan) നിന്ദിച്ചു. കിഴക്ക് നിന്നും പടിഞ്ഞാറു നിന്നും നികുതികൾ ശേഖരിച്ച് വിശ്വാസികളുടെ നേതാവായ (അമീറുൽ മുഅമിനീൻ) ഉസ്മാൻ ഇബ്ൻ അഫ്ഫാന്റെ അടുക്കൽ കൊണ്ടുവന്നു (അല്ലാഹു അദ്ദേഹത്തിൽ സംപ്രീതനാകട്ടെ). ഖുർആൻ പാരായണവും പഠനവും ഇന്ന് കാണുന്ന നിലയിൽ ക്രോഡീകരിക്കുകയും ശേഖരിക്കുകയും ഉമ്മത്തിന്റെ ഐക്യം സംരക്ഷിക്കുകയും ചെയ്ത അദ്ദേഹത്തിന് അല്ലാഹു നൽകിയ അനുഗ്രഹമാണിത്.

ആധികാരികമായ ഹദീസുകളിൽ പ്രവാചകൻ പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു :

إِنَّ اللهَ زَوَى لِيَ الأَْرْضَ فَرَأَيْتُ مَشَارِقَهَا وَمَغَارِبَهَا وَسَيَبْلُغُ مُلْكُ أُمَّتِي مَا زُوِيَ لِي مِنْهَا]
കിഴക്കും പടിഞ്ഞാറും എനിക്ക് മുന്നിൽ പ്രദർശിപ്പിക്കപ്പെട്ടു. എന്റെ ഉമ്മത്തിന്റെ ആധിപത്യം എല്ലായിടത്തും ഞാൻ കണ്ടു.

അല്ലാഹുവും അവന്റെ റസൂലും ഞങ്ങൾക്ക് വാഗ്ദാനം ചെയ്ത കാര്യങ്ങൾ ഇപ്പോൾ ഞങ്ങൾ അനുഭവിക്കുന്നു. കാരണം അല്ലാഹുവും അവന്റെ റസൂലും സത്യം സംസാരിച്ചു. അവനിലും അവന്റെ റസൂലിലും ഞങ്ങൾക്ക് വിശ്വാസം നൽകണമെന്നും അദ്ദേഹത്തിന്റെ സന്തോഷം നേടുന്ന തരത്തിൽ അദ്ദേഹത്തിന് നന്ദി പറയാൻ ഞങ്ങളെ സഹായി ക്കണം എന്നും ഞങ്ങൾ അല്ലാഹുവിനോട് അപേക്ഷിക്കുന്നു

Explanation :

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمۡ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسۡتَخۡلِفَنَّهُمۡ فِى ٱلۡأَرۡضِ كَمَا ٱسۡتَخۡلَفَ
ٱلَّذِينَ مِن قَبۡلِهِمۡ وَلَيُمَكِّنَنَّ لَهُمۡ دِينَهُمُ ٱلَّذِى ٱرۡتَضَىٰ لَهُمۡ وَلَيُبَدِّلَنَّهُم مِّنۢ بَعۡدِ خَوۡفِهِمۡ أَمۡنًا

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്.

.അബുൽ ആലിയ ® പറഞ്ഞതായി റബീഇബ്നു അനസ് വിവരിക്കുന്നു :

" പ്രവാചകനും (S) സ്വഹാബികളും പത്ത് വർഷത്തോളം മക്കയിൽ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ജനങ്ങളെ രഹസ്യമായി പ്രബോധനം ചെയ്തു. അവർ ഭയചകിതരായിരുന്നു, മദീനയിലേക്ക് കുടിയേറാൻ കൽപിക്കപ്പെടുന്നതുവരെ അവരോടു യുദ്ധം ചെയ്യാൻ നിർദ്ദേശിച്ചിട്ടില്ല. അവർ മദീനയിൽ എത്തിയപ്പോൾ, അല്ലാഹു അവർക്ക് യുദ്ധം ചെയ്യാൻ നിർദ്ദേശം നൽകി. മദീനയിൽ അവർ ഭയപ്പാടോടു കൂടി തങ്ങളുടെ ആയുധങ്ങൾ രാവും പകലും കൊണ്ട് നടന്നിരുന്നു. അങ്ങനെ അല്ലാഹു ഈ വചനം (24:55) അവതരിപ്പിച്ചു. അറേബ്യൻ ഉപദ്വീപിൽ തന്റെ പ്രവാചകനെ വിജയിപ്പിക്കാൻ അല്ലാഹു ഇടയാക്കി, തുടർന്ന് അവർ സുരക്ഷിതത്വം അനുഭവിക്കുകയും ആയുധങ്ങൾ താഴെവെക്കുകയും ചെയ്തു.പ്രവാചകന് ശേഷം അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരുടെ കാലം മുഴുവൻ അവർ സുരക്ഷിതരായി തുടർന്നു.അവസാനം അത് സംഭവിച്ചു...ഭയം വീണ്ടും അവരുടെ മേൽ നിഴലിട്ടു. തുടർന്നവർ ക്രമസമാധാനവ്യവസ്ഥക്കും കാവൽസൈന്യത്തിനും രൂപം നൽകി. അങ്ങനെ അവരുടെ അവസ്ഥയിൽ മാറ്റം വന്നു.

സലഫുകളിൽ ഒരുവൻ പറയുന്നു :

അബൂബക്റിന്റെയും ഉമറിന്റെയും ഖിലാഫത്ത് സത്യവും അല്ലാഹുവിന്റെ ഗ്രന്ഥത്തോട് ചേർന്നു നിൽക്കുന്നതുമായിരുന്നു. തുടർന്ന് അദ്ദേഹം ഈ വചനം (24:55) പാരായണം ചെയ്തു."

ബറാ ഇബ്നു ആസിബ് പറയുന്നു :

"ഞങ്ങളുടെ കഠിനമായ ഭയപ്പാടിന്റെ നാളുകളിൽ ആണ് ഈ വചനം അവതരിച്ചത്. "

ഈ വചനത്തിന് താഴെ പറയുന്ന വചനവുമായി സാമ്യതയുണ്ട് :

وَاذْكُرُوا۟ إِذْ أَنتُمْ قَلِيلٌ مُّسْتَضْعَفُونَ فِى الْأَرْضِ

നിങ്ങൾ ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ടിരുന്ന കുറച്ച് പേർ മാത്രമായിരുന്ന സന്ദർഭം നിങ്ങൾ ഓർക്കുക.

തുടർന്ന് അല്ലാഹു പറയുന്നു :

لعلكم تشكرون

നിങ്ങൾ നന്ദിയുള്ളവരാകാൻ വേണ്ടി. (Anfal 8:26)

Explanation :

كَمَا □سۡتَخۡلَفَ □لَّذِينَ مِن قَبۡلِهِمۡ

അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ...

മൂസ നബി (AS) തന്റെ ജനതയോട് പറഞ്ഞതായി അല്ലാഹു പറഞ്ഞ താഴെ പറയുന്ന വചനത്തോട് ഇതിന് സാമ്യതയുണ്ട് :

عَسَى رَبُّكُمْ أَن يُهْلِكَ عَدُوَّكُمْ وَيَسْتَخْلِفَكُمْ فِى الأَرْضِ
നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ ശത്രുവിനെ നശിപ്പിക്കുകയും, ഭൂമിയിൽ നിങ്ങളെ അവൻ പ്രതിനിധികളാക്കുകയും ചെയ്തേക്കാം. (7:129)

അല്ലാഹു പറഞ്ഞു :

وَنُرِيدُ أَن نَّمُنَّ عَلَى ٱلَّذِينَ ٱسۡتُضۡعِفُواْ فِى ٱلۡأَرۡضِ وَنَجۡعَلَهُمۡ أَئِمَّةً وَنَجۡعَلَهُمُ ٱلۡوَٰرِثِينَ
നാമാകട്ടെ ഭൂമിയിൽ അടിച്ചമർത്തപ്പെട്ട ദുർബലരോട് ഔദാര്യം കാണിക്കുവാനും, അവരെ നേതാക്കളാക്കുവാനും, അവരെ അനന്തരാവകാശികളാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَى لَهُمْ
അവർക്ക് ഭൂമിയിൽ സ്വാധീനം നൽകുവാനും, (Qasas 28:5-6)

ഒരു പ്രതിനിധി സംഘത്തിൽ തന്നെ കാണാൻ വന്ന അദിയ്യ് ഇബ്നു ഹാത്വിമിനോട് (R) പ്രവാചകൻ പറഞ്ഞത് പോലെ :

أَتَعْرِفُ الْحِيرَ
നിങ്ങൾക്ക് ഹീറയെ പറ്റി അറിയാമോ? അദ്ദേഹം പറഞ്ഞു: എനിക്കറിയില്ല, പക്ഷേ ഞാൻ അതിനെപ്പറ്റി കേട്ടിട്ടുണ്ട്. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു:

فَوَالَّذِي نَفْسِي بِيَدِهِ لَيُتِمَّنَّ الله هَذَا الأَمْرَ حَتَّى تَخْرُجَ الظَّعِينَةُ مِنَ الْحِيرَةِ حَتَّى تَطُوفَ بِالْبَيْتِ فِي غَيْرِ جِوَارِ أَحَدٍ وَلَتَفْتَحُنَّ كُنُوزَ كِسْرَى بْنِ هُرْمُزَ
"എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെത്തന്നെയാണ് സത്യം, അല്ലാഹു ഈ ആദർശത്തെ (ഇസ്ലാം) പൂര്ത്തീകരിക്കും, എത്രത്തോളമെന്നാല്, അങ്ങ് ഹീറയില് നിന്നും സ്ത്രീകള് ആരും കൂട്ടിനില്ലാതെ ഒറ്റയ്ക്ക് മക്കയില് വന്നു കഅബാലയത്തെ പ്രദക്ഷിണം ചെയ്യും.നിങ്ങള് കിസ്രായുടെ (പേർഷ്യൻ

സാമ്രാജ്യത്തിന്റെ അധിപൻ) സാമ്രാജ്യത്വത്തെ കീഴടക്കുകയും അവരുടെ വമ്പിച്ച നിധി കൂമ്പാരത്തെ നിയന്ത്രിക്കുകയും ചെയ്യും.അദ്ദേഹം (അത്ഭുതത്തോടെ) ചോദിച്ചു"ഹുര്മുസിന്റെ മകന് കിസ്രയുടെയോ? പ്രവാചകന് പറഞ്ഞു:

نَعَمْ كِسْرَى بْنُ هُرْمُزَ وَلَيُبْذَلَنَّ الْمَالُ حَتَّى لَا يَقْبَلَهُ أَحَدٌ

"അതെ, ഹുര്മുസിന്റെ മകന് കിസ്ര തന്നെ." അത് പോലെ അല്ലാഹുവാണെ, ദാനം ചെയ്യാന് ആളുകള് താല്പ്പര്യപ്പെടുകയും പക്ഷെ ആ ദാനം വാങ്ങാന് ആളുകള് ഇല്ലാതെ വരികയും ചെയ്യുന്നിടത്തോളം നിങ്ങള്ക്കിടയില് സമ്പത്ത് കുമിഞ്ഞു കൂടുകയും ചെയ്യും". അദിയ്യ് പറയുന്നു : "അതിപ്പോൾ സംഭവിക്കുകയാണ്. സ്ത്രീകള് ഹീറയില് നിന്ന് ഒറ്റയ്ക്ക് മക്കയിലേക്ക് വരികയും കഅബയെ പ്രദക്ഷിണം ചെയ്തു തിരിച്ചു പോവുകയും ചെയ്യുന്നു. ഹുർമുസിന്റെ മകൻ കിസ്രയെ കീഴടക്കിയപ്പോഴും അവരുടെ നിധി കൂമ്പാരങ്ങൾ ജനങ്ങൾക്കിടയില് വീതിച്ചു കൊടുക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലും ഞാൻ പങ്കെടുത്ത് കഴിഞ്ഞു. അല്ലാഹുവാണെ, ആ മൂന്നാമത്തെ പ്രവചനവും പൂർത്തീകരിക്കപ്പെടും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു, കാരണം, അല്ലാഹുവിന്റെ റസൂൽ ആണത് പറഞ്ഞത്.

Explanation :

يَعۡبُدُونَنِى لَا يُشۡرِكُونَ بِى شَيۡـًٔا

എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല.

മുആദ് ബിൻ ജബൽ ® പറഞ്ഞതായി ഇമാം അഹ്മദ്(R) അനസിൽ(R) നിന്ന് റിപ്പോർട്ട് ചെയ്യുന്നു :

“ഞാൻ ഒരു കഴുതപ്പുറത്ത് പ്രവാചകന്റെ പുറകിൽ യാത്ര ചെയ്യുന്നു. എനിക്കും അദ്ദേഹത്തിനുമിടയിൽ അവന്റെ ജീനിയുടെ മറയല്ലാതെ മറ്റൊന്നുമില്ല. അദ്ദേഹം പറഞ്ഞു.

يَا مُعَاذُ بْنَ جَبَلٍ

അല്ലയോ, മുആദ് ഇബ്നു ജബൽ, ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ, ഞാൻ ഇവിടെതന്നെയുണ്ട്. കുറച്ച് പിന്നിട്ടപ്പോൾ അദ്ദേഹം വീണ്ടും വിളിച്ചു :

يَا مُعَاذُ بْنَ جَبَلٍ

മുആദ് ഇബ്നു ജബൽ.... ഞാൻ പറഞ്ഞു : അല്ലാഹുവിന്റെ ദൂതരെ, ഞാൻ അടുത്ത് തന്നെയുണ്ട്. പിന്നീട് വീണ്ടും അദ്ദേഹം എന്നെ വിളിച്ചു :

يَا مُعَاذُ بْنَ جَبَلٍ

മുആദ് ഇബ്ൻ ജബൽ... ഞാൻ പറഞ്ഞു : അല്ലാഹുവിന്റെ ദൂതരെ, ഞാൻ താങ്കളുടെ സേവനത്തിനായി അടുത്ത് തന്നെയുണ്ട്. അദ്ദേഹം ചോദിച്ചു :

هَلْ تَدْرِي مَا حَقُّ اللهِ عَلَى الْعِبَادِ

അല്ലാഹുവിന് അവന്റെ അടിമകളുടെ മേലുള്ള അവകാശങ്ങളെ കുറിച്ച് നിനക്ക് അറിയുമോ? ഞാൻ പറഞ്ഞു : അല്ലാഹുവിനും അവന്റെ ദൂതനും ഏറ്റവും നന്നായറിയുന്നു. അദ്ദേഹം പറഞ്ഞു :

فَإِنَّ حَقَّ اللهِ عَلَى الْعِبَادِ أَنْ يَعْبُدُوهُ وَلَاإ يُشْرِكُوا بِهِ شَيْئًا

അല്ലാഹുവിന് അവന്റെ അടിമകളുടെ മേലുള്ള അവകാശം അവനെ മാത്രം ആരാധിക്കണമെന്നും യാതൊന്നിനെയും അവനോടു പങ്ക് ചേർക്കരുത് എന്നതുമാണ്. കുറച്ച് പിന്നിട്ടപ്പോൾ അദ്ദേഹം വീണ്ടും വിളിച്ചു :

يَا مُعَاذُ بْنَ جبَل

അല്ലയോ, മുആദ് ഇബ്ൻ ജബൽ... ഞാൻ പറഞ്ഞു :അല്ലാഹുവിന്റെ ദൂതരെ, ഞാൻ താങ്കളുടെ സേവനത്തിനായി അടുത്ത് തന്നെയുണ്ട്. അദ്ദേഹം പറഞ്ഞു :

فَهَلْ تَدْرِي مَا حَقُّ الْعِبَادِ عَلَى اللهِ إِذَا فَعَلُوا ذَلِكَ

അങ്ങനെ ചെയ്താൽ അല്ലാഹുവിന്റെ മേൽ അവന്റെ അടിമകൾക്കുള്ള അവകാശങ്ങളെ കുറിച്ച് നിനക്ക് അറിയുമോ? ഞാൻ പറഞ്ഞു : അല്ലാഹുവിനും അവന്റെ ദൂതനും ഏറ്റവും നന്നായറിയുന്നു. അദ്ദേഹം പറഞ്ഞു :

فَإِنَّ حَقَّ الْعِبَادِ عَلَى اللهِ أَنْ لَا! يُعَذِّبَهُمْ

അല്ലാഹുവിന്മേൽ ജനങ്ങൾക്കുള്ള അവകാശങ്ങൾ അവൻ അവരെ ശിക്ഷിക്കുകയില്ല എന്നതാണ്.

ആധികാരികമായ രണ്ടു സഹീഹ്കളിലും ഈ നിവേദനം വന്നിട്ടുണ്ട്.

Explanation :

وَمَن كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ هُمُ الْفَاسِقُونَ

അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ.

അതായത്, ഇതിനെല്ലാം ശേഷം ആരെങ്കിലും എന്നെ അനുസരിക്കുന്നത് നിർത്തുകയാണ് എങ്കിൽ, തന്റെ നാഥന്റെ കൽപന ലംഘിക്കുകയാണ് എങ്കിൽ അതൊരു മഹാ പാപമാണ്. സ്വഹാബികൾ പ്രവാചകനു ശേഷം ജനങ്ങളിൽ ഏറ്റവും പ്രതിബദ്ധതയുള്ളവരും അല്ലാഹുവിനോട് ഏറ്റവും അനുസരണമുള്ളവരുമായിരുന്നു.

അവരുടെ വിജയങ്ങൾ അവരുടെ പ്രതിബദ്ധതയുടെ (commitment) നിലവാരത്തിനനുസൃതമായിരുന്നു. കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റെ വചനത്തിന്റെ ഉന്നതിക്ക് അവർ കാരണമായി. ജനതകളെയും രാജ്യങ്ങളെയും അടക്കി ഭരിക്കാൻ അല്ലാഹു അവർക്ക് ശക്തമായ സംരക്ഷണം നൽകി.

പിൽക്കാലത്ത് ജനങ്ങൾ അവരുടെ പ്രതിബദ്ധതകളിൽ നിന്ന് അകന്നുപോയപ്പോൾ, അവരുടെ ശക്തിയും വിജയവും കുറഞ്ഞു. ഒന്നിലധികം ഹദീസുകൾ ഈ വസ്തുത സ്ഥിതീകരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു :

لَا تَزَالُ طَايِفَةٌ مِنْ أُمَّتِي ظَاهِرِينَ عَلَى الْحَقِّ لَا يَضُرُّهُمْ مَنْ خَذَلَهُمْ وَلَا مَنْ خَالَفَهُمْ إِلَى يَوْمِ الْقِيَامَةِ

എന്റെ ഉമ്മത്തിൽ ഒരു വിഭാഗം എന്നെന്നും സത്യത്തിനു വേണ്ടി നിലകൊള്ളുന്നവരായിരിക്കും. ഉയർത്തെഴുന്നേൽപ്പ് നാൾ വരെ അവരെ കൈവെടിഞ്ഞവർ, അവർക്ക് യാതൊരു ഉപദ്രവവും ഏൽപ്പിക്കുകയില്ല.

മറ്റൊരു നിവേദനത്തിൽ ഇങ്ങനെ പറയുന്നു :

حَتَّى يَأْتِيَ أَمْرُ اللهِ وَهُمْ كَذَلِكَ

അല്ലാഹുവിന്റെ കല്പ്പന വരും വരെ അവർ അതെ നിലയിൽ തുടരുന്നതാണ്.

മറ്റൊരു നിവേദനത്തിൽ :

حَتَّى يُقَاتِلُوا الدَّجَّالَ

അവർ ദജ്ജാലുമായി യുദ്ധം ചെയ്യുന്നത് വരെ...

മറ്റൊരു നിവേദനത്തിൽ :

حَتَّى يَنْزِلَ عِيسَى ابْنُ مَرْيَمَ وَهُمْ ظَاهِرُونَ

മർയമിന്റെ പുത്രൻ ഈസ ഇറങ്ങി വരുകയും അവർ അതിജയിക്കുകയും ചെയ്യുന്നത് വരെ...

[Source : തഫ്സീർ ഇബ്നു കഥീർ, സൂറത്തു നൂർ 24:55]